**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2385** **21-06-2024 - ൽ മറുപടിയ്ക്ക്**

**ലഹരി ഉപയോഗത്തിനെതിരെയുള്ള ജാഗ്രതാ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. പി. കെ. ബഷീർ,<br>ഡോ. എം. കെ. മുനീർ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മയക്കുമരുന്നുൾപ്പെടെയുള്ള ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നവരുടേയും അവ വിതരണം ചെയ്യുന്നവരുടെയും എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | എക്സൈസ് വകുപ്പ് നടത്തി വരുന്ന ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി പിടിച്ചെടുക്കുന്ന മയക്കുമരുന്നുകളുടെയും, കണ്ടെടുക്കുന്ന എൻ. ഡി.പി.എസ് കേസുകളുടെയും എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നുണ്ട്. ആയതിൽ നിന്നും സംസ്ഥാനത്ത് മയക്കുമരുന്ന് ഉൾപ്പെടെയുള്ള ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവും വിതരണവും വർദ്ധിച്ചു വരുന്നതായി അനുമാനിക്കാവുന്നതാണ്. |
| (ബി) | നിലവിലെ ബോധവൽക്കരണ ജാഗ്രതാ നടപടികൾ ഫലപ്രദമല്ലെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഇല്ല.<br><br>മദ്യവർജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ടാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'ക്ക് രൂപം നൽകിയിട്ടുള്ളത്. വിമുക്തി മിഷൻ മുഖേനെ എക്സൈസ് വകുപ്പ്, മറ്റ് സർക്കാർ വകുപ്പുകൾ, പൊതുജനങ്ങൾ, സന്നദ്ധ സംഘടനകൾ, യുവജന സംഘടനകൾ തുടങ്ങി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തത്തോടു കൂടി ലഹരിക്കെതിരെ സംസ്ഥാന വ്യാപകമായി ശക്തമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഈ പ്രവർത്തനങ്ങളിലെ പൊതുജന പങ്കാളിത്തം തെളിയിക്കുന്നത് സർക്കാരിന്റെ ബോധവൽക്കരണ ജാഗ്രതാ പ്രവർത്തനങ്ങൾ ഫലപ്രദമാണെന്നാണ്. |
| (സി) | മയക്കുമരുന്നു വിതരണക്കാരുടെ ഉറവിടം കണ്ടെത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (സി) | മയക്കുമരുന്നു വിതരണക്കാരുടെ ഉറവിടം കണ്ടെത്തുന്നതിന് കേസിന്റെ അന്വേഷണ വേളയിൽ പ്രതികളുടെ ഫോൺ നമ്പരിന്റെ ടവർ ലൊക്കേഷൻ, കോൾ ഡേറ്റാ റിക്കോർഡ്സ്, ബാങ്ക് ഇടപാടുകൾ, വാഹനത്തിന്റെ ട്രിപ് ഷീറ്റ്, ജി.പി.എസ് തുടങ്ങിയ വിവരങ്ങൾ ശേഖരിച്ച് പ്രതികളുടെ ലഹരി |

| | | | |
|---|---|---|---|
| | | | ഇടപാടുകൾ സംബന്ധിച്ചും മയക്കുമരുന്നിന്റെ ഉറവിടം സംബന്ധിച്ചും അന്വേഷണം നടത്തി വരുന്നുണ്ട്. വാട്സ് ആപ്പ്, ഫെയ്സ്ബുക്ക്, ഇൻസ്റ്റഗ്രാം തുടങ്ങിയ സോഷ്യൽ മീഡിയ, ഡാർക്ക് വെബ് പോലുള്ള ഓൺലൈൻ സൈറ്റുകൾ മുഖേന രാസ ലഹരി ഉൾപ്പെടെയുള്ള മയക്കുമരുന്നുകൾ കൈമാറ്റം ചെയ്യുന്നത് കണ്ടെത്തുന്നതിന് എക്സൈസ് സൈബർ സെൽ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. കൊറിയർ സർവ്വീസ് വഴിയുള്ള ലഹരിക്കടത്ത് തടയുന്നതിനായി ഇത്തരം സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നിരന്തര നിരീക്ഷണവും പരിശോധനകളും നടത്തുന്നുണ്ട്. ആധുനിക വിവര സാങ്കേതിക വിദ്യ ഉപയോഗിച്ച് സംശയിക്കപ്പെടുന്ന വ്യക്തികളുടെ യാത്രാവിവരങ്ങൾ ശേഖരിച്ചും സാമ്പത്തിക ഇടപാടുകൾ പരിശോധിച്ചും ഫോൺ വിവരങ്ങളും, ടവർ ലൊക്കേഷനും ശേഖരിച്ച് അന്വേഷണം നടത്തിയും കേസുകളിൽ കൂടുതൽ പേർ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് അറിയുന്നതിനും, കണ്ടെത്തുന്നതിനും എക്സൈസ് ഐ.ടി.സെൽ ഫലപ്രദമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അന്തർ സംസ്ഥാന ബന്ധമുള്ള കേസുകൾ എക്സൈസ് ക്രൈം ബ്രാഞ്ചിന് കൈമാറി അന്വേഷണം വ്യാപിപ്പിക്കാറുണ്ട്. സംസ്ഥാന അതിർത്തി ചെക്ക്പോസ്റ്റുകളിലും ചെക്ക് പോസ്റ്റുകൂടാതെയുള്ള റോഡുകളിലും ശക്തമായ പരിശോധനകൾ നടത്തിവരുന്നുണ്ട്. മയക്കുമരുന്നിന്റെ ഉപയോഗവും വിതരണവും തടയുന്നതിനുവേണ്ടി എക്സൈസ് വകുപ്പ്, പോലീസ്, food and safety, ഡ്രഗ്സ് കൺട്രോൾ, ഹെൽത്ത്, വനം, റവന്യൂ, റയിൽവെ പോലീസ് തുടങ്ങിയ വകുപ്പുകളുമായി സംയുക്ത റെയ്ഡുകളും പരിശോധനകളും നടത്തി വരുകയും, ഫീൽഡ് ഓഫീസുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന striking force ടീമുകളും ഹൈവേ പട്രോൾ ടീമും പട്രോളിങ് നടത്തുകയും സംശയമുള്ള വ്യക്തികളെപ്പറ്റി എക്സൈസ് വകുപ്പിനെ വിവരം അറിയിക്കുന്നതിനായി എല്ലാ സ്ഥാപനങ്ങളിലും ഫോൺ നമ്പർ നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | നിരന്തരം മയക്കുമരുന്നു കേസ്സുകളിൽ പ്രതികളാക്കുന്നവരെ നിരീക്ഷിക്കാനും വീണ്ടും കുറ്റകൃത്യം ചെയ്യുന്നില്ലെന്ന് ഉറപ്പ് വരുത്താനും നടപടി സ്വീകരിക്കുമോ? | (ഡി) | എൻ.ഡി.പി.എസ്. ആക്ടിലെ ഏതെങ്കിലും വകുപ്പ് പ്രകാരം കുറ്റം ചെയ്തതിനോ കുറ്റം ചെയ്യാൻ സഹായിച്ചതിനോ കുറ്റം ചെയ്യുന്നതിനുവേണ്ടി ഗൂഢാലോചന നടത്തിയതിനോ ഏതെങ്കിലും ഒരു കോടതി ശിക്ഷിച്ച കുറ്റവാളി, മേൽ പ്രകാരമുള്ള കുറ്റം ആവർത്തിക്കുകയാണെങ്കിൽ ആ കുറ്റവാളിക്ക് അധിക ശിക്ഷ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | എൻ.ഡി.പി.എസ്. ആക്ട് പ്രകാരമുള്ള കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെടുന്ന കുറ്റവാളികളെ ബഹു. കോടതികളിൽ മേൽ കുറ്റം ആവർത്തിക്കുകയില്ലെന്ന് മൂന്ന് വർഷത്തിലധികം വരാത്ത കാലയളവിലേയ്ക്ക് എൻ. ഡി. പി. എസ് ആക്ട് 34 വകുപ്പ് പ്രകാരം ബോണ്ട് വയ്പ്പിക്കുന്നതിനും വീണ്ടും മയക്കുമരുന്നുമായി ബന്ധപ്പെട്ട കുറ്റകൃത്യം ആവർത്തിച്ചാൽ അധിക ശിക്ഷ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.<br><br>എൻ.ഡി.പി.എസ്. ആക്ട് പ്രകാരം അനധികൃതമായി മയക്കുമരുന്ന് സംബന്ധിച്ച കുറ്റകൃത്യത്തിൽ ആവർത്തിച്ച് ഏർപ്പെടുന്ന ഏതൊരു വ്യക്തിയെയും പരമാവധി 2 വർഷം വരെ കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിന് PIT NDPS Act പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. മയക്കുമരുന്ന് ഇടപാടുകളിലൂടെ സമ്പാദിച്ച അനധികൃത സ്വത്ത് എൻ.ഡി.പി.എസ്. ആക്ട് പ്രകാരം കണ്ടുകെട്ടുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ